ഫണ്ട്, ബന്ധപ്പെട്ട മറ്റുവകുപ്പുകളുടെ ഫണ്ടുകൾ എന്നിവയും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. ലോകബാങ്ക് ധനസഹായ ഐ. സി. ഡി. എസ്. ഫേസ് III-ൽ 3200 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ കേന്ദ്രസർക്കാർ അനുമതി നൽകുകയുണ്ടായെങ്കിലും ആയത് പിന്നീട് 1,600 കുറച്ചിരിക്കുകയാണ്. ബാക്കിയുള്ള 1,600 അംഗൻവാടികൾകൂടി അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷ ഇതുവരെ പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

44 [2171] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കാൻ സർക്കാർ നടപടിയെടുക്കുമോ;

(സി) വടക്കാഞ്ചേരി ഐ. സി. ഡി. എസ്. പ്രോജക്ടിനു കീഴിൽ അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഒഴിവുകൾ നികത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർവ്വാഹമില്ല. എന്തെന്നാൽ അംഗൻവാടി പ്രവർത്തകർ കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കു വിധേയമായി പ്രാദേശികമായി തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർ മാത്രമാണ്. ഇവർക്ക് ഓണറേറിയവും മറ്റും നൽകുന്നത് കേന്ദ്രസർക്കാർ മാനദണ്ഡമനുസരിച്ചാണ്. സർക്കാർ ജീവനക്കാർക്കുള്ള സർവ്വീസ് ചട്ടങ്ങളൊന്നുംതന്നെ അവർക്കു ബാധകമല്ല.

(ബി) കേന്ദ്രസർക്കാരാണ് അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നത് 1-4-2002 മുതൽ പിൽക്കാല പ്രാബല്യത്തോടെ അംഗൻവാടി പ്രവർത്തകർക്ക് ഓണറേറിയം കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചത് 2003 മാർച്ചിൽ സംസ്ഥാന സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) വടക്കാഞ്ചേരി ഐ. സി. ഡി. എസ്. പ്രോജക്ടിൽ 15 വർക്കർമാരുടെയും 20 ഹെൽപ്പർമാരുടെയും ഒഴിവുകൾ ഉണ്ട്.

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.